# മാതൃഭവനം കൈവിട്ട് മറ്റ് ഭവനങ്ങൾ സ്ഥാപിക്കാൻ പോകരുത്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

CMI

**MAY 12, 2024**




മാതൃഭവനം കൈവിട്ട് മറ്റുഭവനങ്ങൾ സ്ഥാപിക്കാൻ പോകരുതെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ്. ഇക്കാര്യത്തിൽ കർത്താവീശോമിശിഹായുടെ മാതൃക നാം അനുകരിക്കണം. കർത്താവ് ശക്തിപ്പെടുത്തിയത് അന്നത്തെ ഇസ്രായേൽ ജനതയെയാണ്. അവരിൽ നിന്നാണ് മറ്റു ജനപഥങ്ങളിലേക്ക് പോകാൻ ശിഷ്യന്മാരെ പറഞ്ഞയച്ചത്. നമ്മുടെ ഭവനം നാം ശക്തിപ്പെടുത്തുക. ആ ഭവനത്തിന്റെ ശക്തിയിൽ നിന്നുവേണം ഇതരരാജ്യങ്ങളിലേക്ക് കുടിയേറി നമ്മുടെ ജീവിതങ്ങൾപടുത്തുയർത്താവൂ. മാന്നാനംകുന്നിൽ ആരംഭിച്ച സിഎംഐ സന്യാസസഭയുടെ 193 ാം സ്ഥാപനദിനാഘോഷത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

മാർത്തോമ്മ ക്രിസ്ത്യാനികളുടെ സഭാപരമായ മുന്നേറ്റത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിലൂടെയായിരുന്നു. ഈ രണ്ടാം തുടക്കത്തോടുകൂടിയാണ് സുറിയാനി ക്രൈസ്തവർ എന്ന പേര് പരിശുദ്ധ സിംഹാസനം പരിഗണിക്കാൻ കാരണമായത്. ദൈവജനമായി നമ്മൾആഗോളകത്തോലിക്കാസഭയിൽ രൂപപ്പെടാൻ കാരണമായതിന് പിന്നിലുണ്ടായിരുന്നതും ചാവറയച്ചന്റെ അജപാലന മികവായിരുന്നു.

ലത്തീ
പരിശുദ്ധസിംഹാസനത്തിന്റെ മുമ്പിൽ സഭാമക്കൾ നിരന്തരമായി സമർപ്പിച്ച നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിലായിരുന്നു നമ്മുക്കുവേണ്ടി തന്നെയുള്ള സഭാഭരണസംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വികാരിജനറാളായി നിയമിച്ചത്. ഈ ചരിത്രസംഭവം അനുസ്മരിക്കുമ്പോൾ നാം ദൈവത്തിന് നന്ദി പറയണം.

സീറോ മലബാർസഭയൊടൊപ്പം വളർന്ന ഒരു സന്യാസസമൂഹമാണ് സിഎംഐ സഭ. സഭയുടെ വളർച്ചയ്ക്കു പിന്നിലും സിഎംഐ സഭ എപ്പോഴുമുണ്ടായിരുന്നു. സിഎംഐ സഭയെ സീറോ മലബാർസഭയോട് ചേർത്തുനിർത്തി മാത്രമേ നമുക്ക് ചിന്തിക്കാനാവൂ. സീറോ മലബാർസഭയോടൊപ്പം സിഎംഐ യ്ക്കും സിഎംഐയ്ക്കൊപ്പം സീറോ മലബാർസഭയ്ക്കും എത്രത്തോളം ഇനിയും പ്രവർത്തിച്ചുമുന്നേറാൻ കഴിയുമെന്നത് പ്രാർത്ഥനാപൂർവ്വം തീരുമാനിക്കേണ്ടതുണ്ട്.

സീറോ മലബാർ സഭയുടെ മിഷൻരംഗങ്ങളിലേക്ക് മാത്രമല്ല ആഗോള കത്തോലിക്കാസഭയുടെ മുഴുവൻ മിഷൻ രംഗങ്ങളിലേക്ക് സിഎംഐ സഭാവൈദികർ ഇറങ്ങിച്ചെല്ലുന്നുണ്ട്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സന്യാസസഭയ്ക്ക് ലഭിച്ച സവിശേഷ വരത്തിന്റെ പുതിയ മാനങ്ങൾ കണ്ടെത്തി പുതിയ പദ്ധതികളിലൂടെ സാമൂഹികസേവനങ്ങളും സഭാശുശ്രൂഷകളും ശക്തിപ്പെടുത്തുക എന്നത് സിഎംഐ സഭയുടെ പ്രത്യേകതയാണ്. വിദ്യാഭ്യാസ-സാമൂഹികസേവനരംഗത്തും ആതുരശുശ്രൂഷാരംഗത്തും എല്ലാം വളരെയേറെ ശ്രദ്ധാർഹമായ സംഭാവനകൾ നല്കാൻ സിഎംഐയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം വിശുദ്ധചാവറയച്ചന്റെ പരിശുദ്ധമായ നിയോഗങ്ങളുടെയും ജീവിതസാക്ഷ്യത്തിന്റെയും സന്യാസജീവിതത്തിന്റെയും എല്ലാ ചൈതന്യങ്ങളുടെയും തുടർക്കഥയാണ്.

ഈ ചൈതന്യം നിലനിർത്തി വരുംകാലങ്ങളിലും സീറോ മലബാർസഭയോട് ചേർന്നുപ്രവർത്തിക്കാൻ സിഎംഐ സഭയ്ക്ക് സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. രൂപതയ്ക്ക് ചെയ്യാൻ കഴിയാത്ത പല പ്രേഷിത മേഖലകളിലും അനിഷേധ്യമായ സംഭാവനകൾ നല്കാൻ സിഎംഐ സഭയ്ക്ക്സാധിച്ചതിലൂടെ ആഗോള തലത്തിൽ തന്നെ നമ്മുടെ സഭ ശ്രദ്ധിക്കപ്പെടുന്നതിന് ഇടയായിട്ടുണ്ട്. സഭയുടെ സാക്ഷ്യത്തിന്റെ മുഖമായി മാറാൻ സിഎംഐ സഭയ്ക്ക് സാധിച്ചിട്ടുണ്ട്.

സന്യാസസമൂഹങ്ങളെ നാം ചേർത്തുപിടിക്കണം സഭാഗാത്രത്തെ പടുത്തുതയർത്തുന്ന ശുശ്രൂഷ നിർവഹിക്കുന്നവരാണ് അവർ. സഭയുടെ നിർമ്മിതിയിലും രാഷ്ട്രനിർമ്മിതിയിലും ഒന്നുപോലെ പങ്കാളികളായിക്കൊണ്ട് വിദേശരാജ്യങ്ങളിലേക്കുള്ള അനിയന്ത്രിതമായ ഒഴുക്കിന്റെ ഭാഗമായി മാറാതെ ഇവിടെ തന്നെ ജീവിക്കാൻ ശ്രമിക്കണമെന്ന് യുവതലമുറയോടും കർദിനാൾ അഭ്യർത്ഥിച്ചു.